## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 12.03.2018-ൽ |
| ചോദ്യം നമ്പർ - 2549 | മറുപടിയ്ക്ക് |

## വഴുതയ്ക്കാട്-തൈക്കാട് നാലുവരിപ്പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട്-തൈക്കാട് നാലുവരിപ്പാതയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; | (എ) വഴുതയ്ക്കാട് - തൈയ്ക്കാട് നാലുവരിപ്പാതയുടെ സ്ഥലമേറ്റെടുപ്പ് പുരോഗമിച്ചു വരുന്നു. പ്രസ്തുത റോഡ് പ്രവൃത്തി ആരംഭിക്കുന്നതിന് ടിഡ ഭൂമി ഏറ്റെടുത്ത് കൈമാറേണ്ടതുണ്ട്. |
| (ബി) നാലുവരിപ്പാതയുടെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ; | (ബി) കച്ചവടക്കാർക്ക് പുനഃരധിവാസം നൽകുന്നതിന് ടിഡയും, റവന്യൂ വകുപ്പും നടപടി സ്വീകരിച്ച് വരുന്നു. |
| (സി) രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഈ ഭാഗത്തെ യാത്രാസൗകര്യം സുഗമമാക്കുന്നതിനായി പ്രവൃത്തി എത്രയും വേഗം നിർവ്വഹിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ച ശേഷം സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് മാത്രമേ ടി റോഡിന്റെ വികസന പ്രവൃത്തിയ്ക്കായുള്ള പദ്ധതി രൂപീകരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ